പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1267 **15-10-2026-ൽ മറുപടിയ്ക്ക്**

<u>ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിൽ അസന്തുലിതാവസ്ഥ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കല്ലട്ര മാഹിൻ

ശ്രീ. ടി. പി. അഷ്‌റഫലി

ശ്രീ. പി .എം. എ. സമീർ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2010-ൽ നിശ്ചയിച്ചിട്ടുള്ള ന്യായവിലയിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ മൂല്യനിർണ്ണയസംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ;

<u>മറുപടി:</u> സംസ്ഥാനമൊട്ടാകെ ന്യായവില പുനർനിർണ്ണയിക്കുന്ന കാര്യം പരിഗണനയിലാണ്. ആദ്യഘട്ടം എന്ന നിലയിൽ, സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനഃനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ന്യായവില പുന:പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>മറുപടി:</u> സംസ്ഥാനമൊട്ടാകെ ന്യായവില പുനർനിർണ്ണയിക്കുന്ന കാര്യം പരിഗണനയിലാണ്. ആദ്യഘട്ടം എന്ന നിലയിൽ, സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില പുനഃനിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ